# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിട്ട ചോദ്യം നം.420 20.03.2018 ൽ മറുപടിയ്ക്ക്

**തമിഴ് നാട്ടുമായുള്ള അന്തർ സംസ്ഥാന ബസ് സർവ്വീസ് കരാർ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി<br>ഡോ.എം. കെ. മുനീർ<br>ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.ടി. വി. ഇബ്രാഹിം | | ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
| (എ) | കൂടുതൽ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് നടത്തുന്നതിനായി കേരളം തമിഴ് നാട്ടുമായി പുതിയ അന്തർ സംസ്ഥാന കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; | (എ) | തമിഴ്നാട്ടുമായി പുതിയ അന്തർസംസ്ഥാന കരാറിൽ ഏർപ്പെടുന്നതിന്റെ ഭാഗമായി 27.02.2018 ന് കേരളത്തിലേയും തമിഴ്നാട്ടിലേയും ഗതാഗതമന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ തിരുവനന്തപുരത്ത് വച്ച് പ്രാഥമിക കരാർ ഒപ്പ് വച്ചിട്ടുണ്ട്. പ്രാഥമിക കരാർ വ്യവസ്ഥകൾ സർക്കാർ ഗസറ്റിൽ കരട് വിജ്ഞാപനം പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങളും മറ്റും വിലയിരുത്തി അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതോടുകൂടി മാത്രമേ ടി കരാർ പ്രകാരമുള്ള പുതിയ സർവ്വീസുകൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ. |
| (ബി) | പ്രസ്തുത കരാർ പ്രകാരം എത്ര സർവ്വീസുകൾ നടത്താനാണ് ഉദ്ദേശിക്കുന്നത്; | (ബി) | 49 റൂട്ടുകളിലായി 88 ബസ്സുകൾ ഉപയോഗിച്ച് 8865 കിലോമീറ്റർ ദൂരം പുതുതായി സർവ്വീസ്ആരംഭിക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. കൂടാതെ ഉത്സവകാലങ്ങളിലും വാരാന്ത്യദിനങ്ങളിലും പ്രത്യേക സർവ്വീസ് നടത്തുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (സി) | ഇതുമൂലം പ്രതീക്ഷിക്കുന്ന വരുമാന വർദ്ധനവ് എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ എന്ന് അറിയിക്കാമോ? | (സി) | ഇതുമൂലം ലഭ്യമാകുന്ന വരുമാനം സംബന്ധിച്ച വിശദാംശങ്ങൾ കണക്കാക്കി യിട്ടില്ല. പുതിയ സർവ്വീസുകൾ ആരംഭിക്കുന്ന മുറയ്ക്ക് മാത്രമെ വരുമാന വർദ്ധനവ് സംബന്ധിച്ച കണക്കുകൾ ലഭ്യമാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ